IV. അടിയന്തിരപ്രമേയം

(മറുപടി)

മുൻ എം. എൽ. എ. ശ്രീ. ഗണപതിയുടെ പുത്രൻമാരുടെ മേലുണ്ടായ ആക്രമണം

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, മുൻ എം. എൽ. എ. ശ്രീ. ഗണപതിയേയും അദ്ദേഹത്തിന്റെ മക്കളായ രാജൻ, സുരേന്ദ്രൻ എന്നിവരെയും മർദ്ദിച്ചു എന്നുപറഞ്ഞുകൊണ്ട്, അതിനെ ത്തുടർന്നുണ്ടായിട്ടുള്ള ചില ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ടാണ് എന്റെ സ്നേഹിതൻ ശ്രീ. എം. വി. മാണി അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകിയത്. സർ, ആദ്യമായി സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നത് മുൻ എം. എൽ. എ. ശ്രീ. ഗണ പതിയെ ആരും മർദ്ദിച്ചിട്ടില്ല എന്നുള്ളതാണ്. അദ്ദേഹത്തിന്റെ മക്കളായ രാജൻ, സുരേന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ എട്ടുപേർ രണ്ടാം തീയതി അഞ്ചേമുക്കാൽ മണിക്ക് പറശ്ശാല വില്ലേജിൽ പോതമേട് ഭാഗത്ത് ഐസക്ക് എന്ന ആളിന്റെ വീട്ടിൽ പ്രവേശിച്ച്, ടി ഐസക്കിന്റെ മകൻ ഹെവി എന്ന ആളിനെ രാജൻ ഇരുമ്പുവടികൊണ്ട് തലയ്ക്കടിച്ച് മുറിവേൽപ്പിക്കുകയും, സുരേന്ദ്രൻ സൈക്കിൾ ചെയിൻകൊണ്ട് അടിച്ച് മുറിവേൽപ്പിക്കുകയും ചെയ്ത ഒരു സംഭവമുണ്ടായി. ഈ സമയത്ത് ആക്രമിക്കപ്പെട്ട ഹെവി ഒരു വാക്കത്തികൊണ്ട് രാജനേയും സുരേന്ദ്രനേയും വെട്ടി. രാജന് വലതുതോളിലും സുരേന്ദ്രന് തലയിലും മുറിവ് ഏറ്റിട്ടുണ്ട്. ആ സമയത്ത് ആളുകൾ ഓടിക്കൂടുകയുണ്ടായി. സംഭവസ്ഥലത്ത് വന്ന കാറിനെ രാജനും സുരേന്ദ്രനും കല്ലെറിയുകയുണ്ടായി. അതിന്റെ ഫലമായി കാറിന് അൽപ്പം ചില കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധമായി ഹെവിയേയും മറ്റും പ്രതിചേർത്ത് 143, 147 തുടങ്ങിയ വകുപ്പുകൾ അനുസരിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രാജ നേയും സുരേന്ദ്രനേയും മറ്റ് എട്ടുപേരെയും പ്രതിചേർത്ത് മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആ കേസ് സുകരം നടന്നുകൊണ്ടിരി ക്കുകയാണ്. ഈ സംഭവം ഉണ്ടാകുന്നതിനുമുൻപ് 1-ാം തീയതി വൈകു ന്നേരം മൂന്നാർ തീയേറ്ററിന്റെ മുൻവശത്തുവച്ച് ഗണപതിയുടെ മക്കളും ഹെവിയും അയാളുടെ ജ്യേഷ്ഠനും തമ്മിൽ ഒരു വഴക്കുണ്ടായി. ആ വഴക്കിനെ തുടർന്നാണ് പിറ്റേ ദിവസം ഇങ്ങനെയൊരു സംഭവ മുണ്ടായത്. സർ, ഇതിൽക്കവിഞ്ഞ് അവിടെ വലിയ കുഴപ്പങ്ങൾ പിടിച്ച പ്രശ്നങ്ങളൊന്നും ഉണ്ടായിട്ടില്ല. പോലീസ് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രശ്നമൊന്നും ഇതിൽ അന്തർഭവിച്ചിട്ടില്ല.

ശ്രീ. എം. വി. മാണി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ നൽകിയ വിവരങ്ങൾ—പോലീസിൽനിന്നും കിട്ടിയ വിവരങ്ങൾ—സഭയെ തെറ്റിദ്ധരിപ്പിക്കത്തക്കതാണ്. ഞാൻ ബഹുമാനപ്പെട്ട ഗണപതിക്ക് പരി ക്കേറ്റെന്നോ, ആക്രമിക്കപ്പെട്ടെന്നോ അടിയന്തിരപ്രമേയത്തിൽ പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ഗണപതിയുടെ മക്കളായ രാജനേയും സുരേന്ദ്രനേയുമാണ് വാക്കത്തി, അരിവാൾ മുതലായ മാരകായുധങ്ങൾകൊണ്ട് പോതമേട് എന്ന സ്ഥലത്തുവച്ച് ആക്രമിക്കപ്പെട്ടത്. അവർ സഞ്ചരിച്ചിരുന്ന കാർ വേലു, കനകമുത്തു തുടങ്ങിയ പത്തോളം റൗഡികൾ ചേർന്ന് തടഞ്ഞുനിർത്തി തല്ലി

LIBRARY ARCHIVES Kerala Legislative Assembly

പ്പൊളിക്കുകയും അവരെ മാരകമായ പരിക്കേൽപ്പിക്കുകയും ചെയ്തു എന്നാണ് ഞാൻ അടിയന്തിരപ്രമേയത്തിൽ പറഞ്ഞിരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പോലീസിൽനിന്നും കിട്ടിയിരിക്കുന്നത് തെറ്റായ റിപ്പോർട്ടാണ്. സുരേന്ദ്രനും രാജനും മൂന്നാറിലെ ടാറ്റാസിന്റെ ഹോസ്പിറ്റലിൽ ഇപ്പോഴും ചികിൽസയിലാണ്. ഇതിൽ രാജന്റെ മുറിവ് മാരകമായതാണ്. ആ പ്രദേശം മുഴുവനും ഇപ്പോൾ വളരെ സംഘർഷാവസ്ഥയിലാണ്. ഹരിജനായ കോൺഗ്രസ്സിന്റെ നേതാവായ ശ്രീ. ഗണപതിയുടെ മക്കളുടെ നേരെ ഉണ്ടായിരിക്കുന്ന നീചമായ ഈ ആക്രമണത്തെ വളച്ചൊടിച്ച് കൊണ്ടുവരുന്നത് ശരിയല്ല. ഇക്കാര്യത്തിൽ പോലീസ് യാതൊരുവിധമായ നടപടിയും ഇന്നുവരെ എടുത്തിട്ടില്ല എന്നുള്ളതാണ് ഞങ്ങൾക്ക് ഇന്നുവരെ കിട്ടിയിരിക്കുന്ന വിവരങ്ങൾ. ശ്രീ. ഗണപതിയെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായി പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജയിച്ചതിൽനിന്നുണ്ടായ വിരോധംവച്ചുകൊണ്ട് അവിടത്തെ ചില പ്രമാണിമാർ ഈ കേസ് ഒതുക്കുന്നതിനും ഈ കേസ് എടുപ്പിക്കാതിരിക്കുന്നതിനും പോലീസിനെക്കൊണ്ട് മറ്റ് രീതിയിൽ കേസ് എടുപ്പിക്കുന്നതിനുമുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് അന്വേഷിച്ച് വ്യക്തമായി ഈ കേസിന്റെ സത്യസന്ധത വെളിപ്പെടുത്തണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഗുരുതരമായ നിയമസമാധാന പ്രശ്നമൊന്നും ഇപ്പോൾ നിലവിലില്ലെന്നും ആവശ്യമായ എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ടെന്നുമുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ കരുതുന്നില്ല. അടിയന്തിരപ്രമേയത്തിന് ഞാൻ അനുമതി നിഷേധിക്കുന്നു.

V. ശ്രദ്ധക്ഷണിക്കൽ

മാധവചൈതന്യത്തിന്റെ കൊലപാതകം

ശ്രീ. ആർ. എസ്. ഉണ്ണി: സർ, മയ്യനാടിനടുത്ത് പുല്ലിച്ചിറ എന്ന സ്ഥലത്ത് മാധവചൈതന്യ എന്ന പേരിൽ ഒരു സന്യാസി കഴിഞ്ഞ 22 കൊല്ലക്കാലമായി ഒരു ആശ്രമം നടത്തിവരികയായിരുന്നു. കഴിഞ്ഞ 1-ാം തീയതി രാത്രി ആരോ അക്രമികൾ സ്വാമിയെ വധിച്ചു. കഴുത്തിൽ മുണ്ടിട്ടുമുറുക്കി, തലയിൽ മുറിവുകളോടുകൂടി സ്വാമി മരിച്ച നിലയിലാണ് കാണപ്പെട്ടത്. ആ പ്രദേശത്തെ ആളുകൾക്ക് വലിയ ശല്യമൊന്നും ചെയ്യുന്ന ആശ്രമമല്ല അത്. ചുറ്റും മതിൽക്കെട്ടും വലിയ ബന്തവസ്സുമൊക്കെയുള്ള ഒരു ആശ്രമമാണ്. മയ്യനാട്ടെ ബഹുജനങ്ങൾ വലിയ അന്ധവിശ്വാസികളൊന്നുമല്ല. അതുകൊണ്ട് ഈ ആശ്രമത്തിന്റെ നടത്തിപ്പും മറ്റു കാര്യങ്ങളും ആ പ്രദേശത്തെ ആളുകൾക്ക് വിഷമങ്ങൾ ഉണ്ടാക്കിയിട്ടില്ല, വലിയ പ്രതികരണങ്ങൾ ഉണ്ടാക്കാനും കഴിഞ്ഞിട്ടില്ല. കുറെക്കാലമായി സ്വാമി അവിടെ സൈ്വരമായി കഴിഞ്ഞുകൂടുന്നു. അങ്ങനെയിരിക്കവേയാണ് അവിടെ ഈ കൃത്യമുണ്ടായത്. പത്രങ്ങളിൽ ഇതിനേക്കുറിച്ച് റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. പത്രങ്ങളിൽവന്ന റിപ്പോർട്ടുകൾ പൂർണ്ണമായും ശരിയല്ലെന്നാണ് എന്റെ അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. പോലീസിൽനിന്നുമുള്ള വിവരങ്ങളാണ് പത്രക്കാർക്കും ലഭിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly